# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي :

**തീയതി:** 13/10/2017 **വിഷയം:** സ്നേഹമുള്ളവരാകണം

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَيَجْعَلُ لَهُمُ الرَّحْمَٰنُ وُدًّا

﴿مريم: ٩٦﴾

➢ ഈമാനിന് തൂക്കവും തിളക്കവും വർദ്ധിക്കുന്നത് സൽക്കർമ്മങ്ങൾകൊണ്ടും സൽസ്വഭാവം കൊണ്ടുമാണ്. തിന്മകളും ചീത്ത സ്വഭാവവും ഈമാനിന്റെ തൂക്കവും തിളക്കവും കുറച്ച് കളയും.

ഉദാ: കണ്ണടയിൽ അഴുക്കു പിടിച്ചാൽ നോട്ടവും കാഴ്ച്ചയും മങ്ങും./ ചാരം മൂടിയാൽ കനലിന്റെ ചൂടു കുറയും. ഈമാനിന്റെ അവസ്ഥയും ഇതുപോലെയാണ്.

➢ ഒരാളുടെ ഈമാൻ പരിപൂർണ്ണമായിത്തീരാൻ മറ്റ് വിശ്വാസികളെ സ്നേഹിക്കൽ നിർബന്ധമാണ്.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا وَلَا تُؤْمِنُوا حَتَّى تَحَابُّوا (مسلم)

യാഥാർത്ഥ വിശ്വാസിയാകാൻ- ഈമാൻ പൂർണ്ണമാകാൻ - പരസ്പര സ്നേഹം കൂടിയേ തീരൂ എന്ന് ഈഹദീസ് പഠിപ്പിക്കുന്നു. അപ്പോൾ സ്വർഗ്ഗം ലഭിക്കാൻ രണ്ട് അവസ്ഥ മതിയാകുന്നില്ല

1. ഒരാൾ മറ്റൊരാളെ ഉപദ്രവിക്കാതെ ജീവിക്കുന്നു.
2. മറ്റൊരാൾക്ക് വല്ലതും നൽകുകയോ സഹായിക്കുകയോ ചെയ്യുന്നു ഈ രണ്ട് അവസ്ഥയും മതിയാകുന്നില്ല. മറിച്ച് അയാളെ സ്നേഹിക്കുക തന്നെ വേണം.

➢ അല്ലാഹുവിന്റെ ഉയർന്ന പരിഗണനയും സ്നേഹവും ലഭിക്കാൻ ഇത് കാരണമാകും.

أَنَّ عُمَرَ بْنَ الْخَطَّابِ قَالَ قَالَ النَّبِيُّ (ص) إِنَّ مِنْ عِبَادِ اللَّهِ لَأُنَاسًا مَا هُمْ بِأَنْبِيَاءَ وَلَا شُهَدَاءَ يَغْبِطُهُمُ الْأَنْبِيَاءُ وَالشُّهَدَاءُ يَوْمَ الْقِيَامَةِ بِمَكَانِهِمْ مِنْ اللَّهِ تَعَالَى قَالُوا يَا رَسُولَ اللَّهِ تُخْبِرُنَا مَنْ هُمْ قَالَ هُمْ قَوْمٌ تَحَابُّوا بِرُوحِ اللَّهِ عَلَى غَيْرِ أَرْحَامٍ بَيْنَهُمْ وَلَا أَمْوَالٍ يَتَعَاطَوْنَهَا فَوَاللَّهِ إِنَّ وُجُوهَهُمْ لَنُورٌ وَإِنَّهُمْ عَلَى نُورٍ لَا يَخَافُونَ إِذَا خَافَ النَّاسُ وَلَا يَحْزَنُونَ إِذَا حَزِنَ النَّاسُ (أبودود)

(=ചില മനുഷ്യർ പരലോകത്ത് അമ്പിയാക്കളെയും രക്തസാക്ഷികളെയും കൊതിപ്പിക്കും. കാരണം അവർക്ക് അല്ലാഹുവിന്റെ അടുക്കൽ അത്രപദവിയുണ്ടാകും. അവൻ ആരാണ്? സ്വാഹാബാക്കൾ ചോദിച്ചു. തങ്ങൾ പറഞ്ഞു: അവർ അല്ലാഹുവിന്റെ സഹായത്താൽ പരസ്പരം സ്നേഹിച്ചവരാണ്. കുടുംബ ബന്ധത്തിന്റെയോ സാമ്പത്തിക സഹായത്തിന്റെയോ പേരിലല്ല. അവരുടെ മുഖം പ്രകാശപൂരിതമായിരിക്കും. ജനം ഭയപ്പെടുന്ന നാളിൽ അവർക്ക് ഭയമോ ദുഃഖമോ ഉണ്ടാവില്ല)

ഖുർആൻ വ്യക്തമാക്കുന്നു.

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَيَجْعَلُ لَهُمُ الرَّحْمَٰنُ وُدًّا

➢ സമുന്നതരായ അമ്പിയാക്കൾ, ഔലിയാക്കൾ, മഹാന്മാരെ സ്നേഹിക്കുന്നത് അവരോടത്ത് പരലോകത്ത് ഒരുമിക്കാൻ കാരണമാകും. അഅ്റാബിയുടെ ചോദ്യവും തങ്ങൾ പറഞ്ഞ മറുപടിയും വിവരിക്കുക.

إِنَّكَ مَعَ مَنْ أَحْبَبْتَ

أَيْ مُلْحَقٌ بِهِمْ حَتَّى تَكُونَ مِنْ زُمْرَتِهِمْ (فتح الباري)

ഇമാം അസ്ഖലാനി പറയുന്നു: (=അവരുടെ കൂടെ അവരുടെ പദവിയിലേയ്ക്ക് ഇയാളെ ചേർക്കപ്പെടും)

قَالَ أَنَسٌ: فَأَنَا أُحِبُّ النَّبِيَّ (ص) وَأَبَا بَكْرٍ وَعُمَرَ وَأَرْجُو أَنْ أَكُونَ مَعَهُمْ بِحُبِّي إِيَّاهُمْ وَإِنْ لَمْ أَعْمَلْ بِمِثْلِ أَعْمَالِهِمْ (بخاري)

(=ഞാൻ നബി(സ്വ), അബൂബക്കർ, ഉമർ(റ)എന്നിവരെ സ്നേഹിക്കുന്നു. അവർ ചെയ്തപോലുള്ള കർമ്മങ്ങൾ എനിക്ക് ചെയ്യാൻ കഴിയില്ല. അവരോടൊപ്പം ചേരാൻ ഇതാണ് മാർഗ്ഗം).

➢ അത് അവരുടെ ശഫാ അതിന് കാരണമാകും. ഇമാം ശാഫിഈ(റ) പറയുന്നു.

أُحِبُّ الصَّالحينَ ولَسْتُ منهمْ ~ لعلِّي أنْ أنالَ بِهِمْ شفاعَةْ

وأُبغِضُ مَنْ تِجارتُهُ المَعاصِي ~ وإنْ كنَّا سَوِيًّا فِي البِضَاعَةْ

(=ഞാൻ സജ്ജനങ്ങളെ സ്നേഹിക്കുന്നു. ഞാൻ അവരിൽ പ്പെട്ടവനല്ലെങ്കിലും. അതുവഴി അവരുടെ ശുപാർശ എനിക്കു കിട്ടും. തിന്മയുടെ ആളുകളെ ഞാൻ വെറുക്കുന്നു. അത്തരം സംഗതികൾ നമ്മിലുണ്ടെങ്കിലും)

ചുരുക്കത്തിൽ മുഅ്മിനീങ്ങളെ സ്നേഹിക്കൽ ഈമാൻ പൂർത്തയാകാൻ കാരണമാണ്. മഹാന്മാർ, തങ്ങന്മാർ, ഉലമാക്കൾ എന്നിവരെ സ്നേഹിക്കൽ അവരുടെ ശഫാഅതിനും അവരോടൊത്ത് ഒരുമിച്ചു കൂടുന്നതിനും കാരണമാകും.

➢ പരസ്പരസ്നേഹം നിലനിർത്താൻ ഇസ്ലാം ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. പ്രധാനമായ ഒന്ന്: സലാം പറയലാണ്.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ (صَ) أَلَا أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ ، أَفْشُوا السَّلَامَ بَيْنَكُمْ (مسلم)

ഏത് സാഹചര്യത്തിലും മറ്റൊരാളോട് പറയാവുന്നതാണ് ഇസ്ലാമിന്റെ അഭിവാദ്യം. രാവിലേയും വൈകുന്നേരവും, കല്യാണ വീട്ടിലും മരണവീട്ടിലും, സന്തോഷിക്കുമ്പോഴും ദുഃഖിക്കുമ്പോഴും എല്ലാ രാജ്യത്തും സന്ദർഭത്തിലും. കാരണം അത് രക്ഷയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇത് നമ്മുടെ സലാമിന്റെ സവിശേഷതയാണ്.

➢ ഈ അഭിവാദ്യം ബർക്കത്ത് ലഭിക്കാൻ കാരണമാണ്.

عَنْ أَنَسٍ قَالَ لِي رَسُولُ اللَّهِ (صَ) يَا بُنَيَّ إِذَا دَخَلْتَ عَلَى أَهْلِكَ فَسَلِّمْ يَكُنْ بَرَكَةً عَلَيْكَ وَعَلَى أَهْلِ بَيْتِكَ (ترمذي)

തന്മൂലം സ്വഹാബാക്കൾ എപ്പോഴും സലാം പറയുന്നവരായ രുന്നു. കണ്ണു മറഞ്ഞശേഷം വീ ു കാണുമ്പോഴും.

كَانَ أصحابُ رسولِ الله (ص)يَتَمَاشَوْنَ، فَإِذَا اسْتَقْبَلَتْهم شجرةٌ أَو أَكَمَةٌ فَتَفَرَّقوا يَميناً وشِمالاً ثُمَّ الْتَقوا مِن وَرائِهَا ،سَلَّمَ بَعْضُهم عَلَى بعضٍ (ابن السني)

(സ്വഹബാക്കൾ ഒരുമിച്ച് നടന്നുപോകുമ്പോൾ മരമോ മണൽക്കൂനയോ കാരണം വഴിപിരിഞ്ഞ ശേഷം വീണ്ടും കാണുമ്പോഴും സലാം പറയുന്നവരായിരുന്നു.)

- നമസ്ക്കാരത്തിൽ നിന്നും വിരമിക്കുന്നതുപോലും അന്യോന്യം സലാം പറഞ്ഞുകൊണ്ടാണ്.

يُسَن لِكلٍّ مِنَ الْإمام والمأموم والْمنفردِ اَن يَنويَ السَّلامَ عَلَي مَنْ إلْتَفَتَ هُوَ إِلَيهِ مِمَّنْ عَن يَمِينِهِ بِالتَّسلِيمَةِ الْأُولي وَعَنْ يَسَارِهِ بالتسليمةِ الثانيةِ مِنَ الْملائكةِ وَمُؤْمِنِي اِنسٍ وَجِنٍّ (فتح المعين)

(=ഓരോരുത്തരും സലാം വീട്ടുമ്പോൾ തന്റെ ഇരുവശത്തും ഉള്ള മലക്ക്, ജിന്ന്, മനുഷ്യർ എന്നിവരെ രണ്ട് സലാം കൊണ്ട് കരുതൽ സുന്നത്താണ്).

- ഈ സലാം നാം വ്യാപകമായി ഉപയോഗിക്കുക. പറയുന്നതിനേക്കാൾ നന്നായി മടക്കുക.

وَإِذَا حُيِّيتُمْ بِتَحِيَّةٍ فَحَيُّوا بِأَحْسَنَ مِنْهَا أَوْ رُدُّوهَا ﴿النساء: ٤﴾

ജീവിച്ചിരിക്കുന്നവർക്ക് മാത്രമല്ല മരിച്ചവർക്കും സിയാറത്ത് വേളയിൽ സലാം പറയുക. സലാം പറഞ്ഞയക്കുന്ന രീതി ജീവിക്കുന്നവരോടും മരിച്ചവരോടും പുലർത്തുക. ആവിധം സ്നേഹ ബന്ധം ഊട്ടി ഉറപ്പിക്കുക. ഈമാൻ സമ്പൂർണ്ണമാകാൻ ഇത് കാരണമാകും ■